# സമസ്തയുടെ നേർച്ച

## ചെ□ മുട്ടും കുഴൽ വിളിയും



*“അമ്പിയാ ഔലിയാ എന്നീ മഹാന്മാരുടെ ഖബർ സിയാറത്തിന് കൊടികളൊട് കൂടിയും ചെണ്ടകൾ മുട്ടിയും കുഴലുകൾ വിളിച്ചും പോകുന്നത് ഹറാമാണോ എന്ന് അല്ലാഹമാ ശൈഖ് മുഹമ്മദുൽ ഖലീലി(റ) തങ്ങളോട് ചോദിച്ചതിന് **ഇവകളിൽ ഒന്നും ശറഅ് വിരോധിക്കപ്പെട്ടതല്ലെന്ന്** മറുപടി പറഞ്ഞിരിക്കുന്നു. കരിമരുന്ന് പ്രയോഗം ഹറാമാണെന്ന വാദത്തെ ഖണ്ഡിച്ചും ഹലാലാണെന്ന് സ്ഥാപിച്ചും കൊണ്ട് അശൈഖ് മുഹമ്മദ് മുഖ്താറുൽ ജാവി(റ) എന്ന മഹാൻെറ ‘അസ്സവാഹിഖുൽ മുഹ്രിഖ്’ എന്ന ഗ്രന്ഥം പരിശോധിച്ചാൽ കാണാവുന്നതാണ്.”*

*(സുന്നീ വോയ്സ്, പേജ് 6, മാർച്ച്, 1979*

## സാത്യക്കുട

*“തുടി ഒഴിച്ചുള്ള ചെണ്ടകൾ, ദഫ്, കൊടി, ശീരണിക്കൊട്ട, ആന, ശതൃക്കുട എന്നിവ **അനാചാരങ്ങളല്ല.**”*

*(അൽമുബാറക് വാരിക, 1989 നവം. 21)*

## ആദ്യമായി വഹാബികൾ...

*“ഔലിയാക്കളുടെ മസാറുകളിൽ കഴിച്ചു വരാറുള്ള ആണ്ടു നേർച്ചകളിൽ ചെണ്ടകൊട്ട്, കുഴൽവിളി, കരിമരുന്ന് പ്രയോഗം തുടങ്ങിയ കാര്യങ്ങൾ നിഷിദ്ധങ്ങളാണെന്നും അതിനാൽ അത്തരം കാര്യങ്ങൾ നടക്കുന്ന ആണ്ടു നേർച്ചകൾ നിരോധിക്കേണ്ടതാണെന്നും ചിലർ പറയാറുണ്ട്. **ആദ്യമായി വഹാബികളാണ് സുന്നികൾക്കിടയിൽ** ഈ വെടി പൊട്ടിച്ചത്.”*

*(സുന്നീ വോയ്സ്, പേ. 3, 1979, മാർച്ച്)*

## കരിമരുന്ന് പ്രയോഗം

*“കൂടാതെ നേർച്ച സ്ഥലങ്ങളിൽ പങ്കെടുക്കുന്ന പതിനായിരങ്ങളിൽ ക്ഷയരോഗം, കുഷ്ഠരോഗം, തുടങ്ങിയ പകർച്ചവ്യാധികൾ ഉള്ളവരും ഉണ്ടാവാൻ ഹിതമുണ്ട്. അങ്ങനെയുള്ള രോഗാണുക്കൾ മറ്റുള്ളവരേയും പിടികൂടിയേക്കാം. എന്നാൽ കരിമരുന്ന് കത്തിച്ചാൽ അന്തരീക്ഷത്തിൽ വ്യാപിക്കുന്ന അതിൻെറ പുകക്ക് അത്തരം രോഗാണുക്കളെ നശിപ്പിക്കാനുള്ള കഴിവുണ്ടെന്ന് വൈദ്യശാസ്ത്രങ്ങൾ ഘോഷിച്ചിട്ടുണ്ട്. ഈ നില വെച്ചു നോക്കിയാൽ **കരിമരുന്ന് പ്രയോഗം അത്യാവശ്യമാണെന്ന്** പറഞ്ഞാൽ പോലും തെറ്റാവുകയില്ല.”*



*(ആണ്ടു നേർച്ചയും ചില അപവാദങ്ങളും, പേ. 24)*

## ആനയും കറാമത്തും



*"മറ്റൊരുദാഹരണം തിരൂർ പുതിയങ്ങാടി യാഹൂ തങ്ങളുടെ നേർച്ച. ഈ നേർച്ചയിലേക്ക് പെട്ടിവരവുകളിൽ അധികവും ആന ഉണ്ടാവൽ പതിവായിരുന്നു. യാഹൂ തങ്ങളുടെ മരണശേഷം നേർച്ച നടത്തിവരുന്നത് നാലകത്ത് തറവാട്ടുകാർ തന്നെയാണ്. ആ തറവാടിനോടുള്ള കുടിപ്പക നേർച്ചക്ക് ആനയെ മുടക്കാൻ വരെ കാരണമായി. നേർച്ചക്കായി ഏൽപ്പിച്ച ആനയെ ആരോ മുടക്കി**യത്രെ.** വിവരം അറിഞ്ഞ നാലകത്ത് തറവാട്ടിലെ പഴയ കാരണവർ കുഞ്ഞോനിക്ക ആനക്കാരുടെ അടുത്തേക്ക് പോകുവാൻ ഒരുങ്ങിയപ്പോൾ സമയം വൈകിയിരുന്നു. യാത്ര ചെയ്യേണ്ടിയിരുന്ന വണ്ടിയുടേയും സമയം തെറ്റിയിരുന്നു. ആകെ വേവലാതി പൂണ്ട് യാഹൂ തങ്ങളുടെ മഖാമിൽ കയറി പ്രാർത്ഥിച്ചപ്പോൾ 'നീ വേഗം പുറപ്പെട്ടോളൂ, നിന്നെ കാത്ത് വണ്ടി നിൽക്കും' എന്ന ഒരശരീരി കേ**ട്ടത്രെ.** കുഞ്ഞോനിക്ക വേഗം റെയിൽവെ സ്റ്റേഷനിലെത്തിയപ്പോൾ ഒരു ട്രയിൻ എന്തോ എഞ്ചിൻ തകരാറ് മൂലം സ്റ്റേഷനിൽ നിൽക്കുന്നുണ്ടായിരുന്നു**വത്രെ.** കുഞ്ഞോനിക്ക വണ്ടിയിൽ കയറി അല്പ സമയത്തിന് ശേഷം എഞ്ചിൻ തകരാറ് ശരിപ്പെടുകയും യാത്ര പുറപ്പെടുകയും ചെയ്തു. ആനക്കാരുടെ അടുത്ത് എത്തിയപ്പോൾ നേർച്ചക്ക് വരില്ലെന്ന് അറിയിച്ചവരുടെ ഒരാനക്ക് എന്തൊ അസുഖം പിടിപെ**ട്ടത്രെ.** ആ ആന ഉൾപ്പെടെ കൂടുതൽ ആ തവണ നേർച്ചക്ക് വരികയും ചെയ്തു."*

*(മുട്ടും വിളി നേർച്ചയെ എതിർക്കുന്നവർക്കൊരു മറുപടി, പേ. 31, 32, ഹാജി പോക്കർ മുസ്ല്യാർ ടി., ആശംസ: അൽ ഉസ്താദ് ഓടക്കൽ അലി ഹസ്സൻ കുട്ടി മുസ്ല്യാർ ബാഖവി, തെന്നല ഖാളി)*

**സമസ്ത മതത്തിലെ നേർച്ചയാണ് മുകളിൽ വായിച്ചത്!!**

### എന്നാൽ ഇസ്ലാം മതത്തിലെ നേർച്ചയെപ്പറ്റിയും നേർച്ചക്കാരെപ്പറ്റിയും ക്വുർആൻ പറയുന്നത് വായിക്കുക:

5. തീർച്ചയായും പുണ്യവാൻമാർ (സ്വർഗത്തിൽ) ഒരു പാനപാത്രത്തിൽ നിന്ന് കുടിക്കുന്നതാണ്. അതിന്റെ ചേരുവ കർപ്പൂരമായിരിക്കും.

6. അല്ലാഹുവിന്റെ ദാസൻമാർ കുടിക്കുന്ന ഒരു ഉറവു വെള്ളമത്രെ അത്. അവരത് പൊട്ടിച്ചൊഴുക്കിക്കൊണ്ടിരിക്കും.

7. നേർച്ച അവർ നിറവേറ്റുകയും, ആപത്തു പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും.

8. ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും.

9. (അവർ പറയും) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്കു ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

10. മുഖം ചുളിച്ചു പോകുന്നതും, ദുസ്സഹവുമായ ഒരു ദിവസത്തെ ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു. (ഇൻസാൻ: 5 – 10)

**സമസ്തക്കാരുടെ നേർച്ചകൾ കണ്ടിട്ടുള്ളവർ പറയട്ടെ:**




*സ്വർഗത്തിൽ പ്രവേശിക്കുന്ന, അവിടുത്തെ വിശിഷ്ട പാനീയം കുടിക്കുന്ന, അല്ലാഹുവിന്റെ പ്രീതിയുദ്ദേശിച്ച് മാത്രം അഗതികൾക്കും അനാഥകൾക്കും ആഹാരം നൽകുന്ന, ദുസഹമായ ഒരു ദിവസത്തെ ഭയക്കുന്ന, പുണ്യവാൻമാരായ ആളുകൾ നിറവേറ്റുന്ന നേർച്ചയുടെ രൂപം തന്നെയാണൊ അവ? മഹാനായ പ്രവാചക തിരുമേനി(സ്വ) വിശ്വാസീ ലോകത്തെ പഠിപ്പിച്ച തനതു നേർച്ച തന്നെയാണൊ അവ??*

**സത്യം അസത്യത്തിൽ നിന്നും എത്ര വിദൂരം!!!**

**അബൂ നസ്വീഫ്**
**സൗദീ അറേബ്യ**